# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2368 – 05/11/2019 - ലെ മറുപടിക്ക്**

## പ്രളയം കേരളത്തിന്റെ സമ്പദ്ഘടനയ്ക്കുണ്ടാക്കിയ ആഘാതം

**ചോദ്യം** **ഉത്തരം**

**ശ്രീ.വി.എസ്.ശിവകുമാർ**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | 2018-ലും 2019-ലുമുണ്ടായ പ്രളയം കേരളത്തിന്റെ സമ്പദ്ഘടനയ്ക്കുണ്ടാക്കിയ ആഘാതം വിശദമാക്കുമോ; | 2018-ലും 2019-ലും ഉണ്ടായ പ്രളയം കേരളത്തിന്റെ സമ്പദ്ഘടനയെ ഗണ്യമായ തോതിൽ തന്നെ ബാധിച്ചു. സമ്പദ്ഘടനയുടെ വികസനത്തിന്റെ നെട്ടംതൂണായ അടിസ്ഥാന സൗകര്യ മേഖലയുടെ തകർച്ചയാണ് പ്രധാനമായും ഉണ്ടായിട്ടുള്ളത്. സംസ്ഥാന റോഡുകൾ, മലയോര ഹൈവേകൾ, വില്ലേജ് റോഡുകൾ, പാലങ്ങൾ മുതലായവ ഗതാഗത യോഗ്യമല്ലാതായിത്തീർന്നു. കേരളത്തിന്റെ കാർഷിക മേഖലയുടെ നട്ടെല്ലായ തെങ്ങ്, റബ്ബർ, നെല്ല് എന്നിവയ്ക്കും പ്രളയം കനത്ത നാശനഷ്ടമുണ്ടാക്കി. ഇതിൽത്തന്നെ ഏറ്റവും കൂടുതൽ നാശമുണ്ടാക്കിയത് റബറിനും നെൽകൃഷിക്കുമാണ്. ഏലം, കുരുമുളക് തുടങ്ങിയ നാണ്യവിളകൾക്കും നഷ്ടമുണ്ടായി. പശു, ആട് മുതലായ കന്നുകാലി വളർത്തൽ മേഖലയ്ക്കും വൻതോതിൽ നഷ്ടം സംഭവിച്ചു. വ്യവസായ മേഖലയും പ്രളയദുരിതത്തിൽ നഷ്ടത്തിലായി. പ്രത്യേകിച്ചും, കൈത്തറി, കയർ പോലെയുള്ള ചെറുകിട വ്യവസായ മേഖല (ഉദാ: ചേന്ദമംഗലം കൈത്തറി) അപ്പാടെ പ്രതിസന്ധിയിലായി. സേവന മേഖലകളായ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, ഹോട്ടൽ, റെസ്റ്റോറന്റ്, ചെറുകിട വ്യാപാരം മുതലായവയെയും കേരളത്തിന്റെ വിനോദ സഞ്ചാര കേന്ദ്രങ്ങളായ ഇടുക്കി, വയനാട്, കോട്ടയം, ആലപ്പുഴ ജില്ലകളെയും പ്രളയം സാരമായി ബാധിച്ചു. വിവരസാങ്കേതിക വിദ്യ, ബാങ്കിംഗ് അടക്കമുള്ള സമസ്ത മേഖലകളേയും |

| | | |
|---|---|---|
| | | പ്രളയം ഗണ്യമായി ബാധിച്ചു. 2018-ലെ പ്രളയം മൂലമുണ്ടായ നഷ്ടം 26,718 കോടി രൂപയായും പുനർനിർമാണത്തിന് ആവശ്യമായ തുക 31,000 കോടി രൂപയായും കണക്കാക്കിയിട്ടുണ്ട്. ഈ ആഘാതത്തിൽ നിന്നും കരകയറുന്നതിനായി സർക്കാർ തലത്തിൽ വളരെയധികം പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | ഇത് തരണം ചെയ്യാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | 2018-ലും 2019-ലും ഉണ്ടായ പ്രളയം കേരളത്തിന്റെ സമ്പദ്ഘടനയ്ക്കുണ്ടാക്കിയ ആഘാതം തരണം ചെയ്യാൻ 2018-19 വാർഷിക പദ്ധതിയിൽ വിവിധ വികസന മേഖലകൾക്കായി 29,150 കോടി രൂപ വകയിരുത്തുകയുണ്ടായി. മാത്രമല്ല, പ്രളയ ദുരിതം കൂടുതലുണ്ടായ മേഖലകൾക്കായി വിവിധ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള കേന്ദ്രവിഹിതം 8097.99 കോടി രൂപയായും നിജപ്പെടുത്തി. ഇതിൽ പൊതുജനാരോഗ്യ മേഖലയിൽ 2018-19 വാർഷിക പദ്ധതിയിൽ 1419.30 കോടി രൂപയും 2019-20 ൽ 1405.94 കോടി രൂപയും നീക്കി വച്ചിരിക്കുന്നു. കൂടാതെ, വെള്ളപ്പൊക്ക നിയന്ത്രണത്തിനായി 96.79 കോടി രൂപയും 2019-20 വാർഷിക പദ്ധതിയിൽ നീക്കി വച്ചിട്ടുണ്ട്. പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിന് സംസ്ഥാന സർക്കാർ വാർഷിക പദ്ധതിയിൽ ഗണ്യമായ വിഹിതം വകയിരുത്തുകയും അവ ഫലപ്രദമായി വിനിയോഗിച്ച് വരികയും ചെയ്യുന്നുണ്ട്. മാത്രമല്ല, ജീവനോപാധി വികസന പാക്കേജുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ജീവനോപാധിയ്ക്കായുള്ള പദ്ധതികൾക്ക് 457864 ലക്ഷം രൂപ കണക്കാക്കിയിട്ടുണ്ട്. പ്രളയ ശേഷമുള്ള കുട്ടനാടിന്റെ പുനരധിവാസത്തിനായി, കുട്ടനാട് തണ്ണീർതട ആവാസവ്യവസ്ഥയ്ക്കായിട്ടുള്ള ഒരു പ്രത്യേക പാക്കേജ് സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കുകയും കുട്ടനാട് മേഖലയിൽ വിവിധ വകുപ്പുകളിലൂടെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ 128.33 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതികളെല്ലാം പുരോഗമിച്ചു വരുന്നു. കേരളത്തിലെ വിവിധ ബാങ്കുകളെ സംയോജിപ്പിച്ചു കൊണ്ടുള്ള ക്രെഡിറ്റ് പ്ലാനും ആവിഷ്കരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | ഇതോടൊപ്പം, 2019-20 ബജറ്റിൽ സ്വയം തൊഴിൽ സൃഷ്ടിക്കുന്നതിനും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനും വ്യവസായ മേഖലയുടെ ഉത്തേജനത്തിനായി കോർപ്പറേറ്റ് നിക്ഷേപം ആകർഷിക്കുന്നതിനും ആവശ്യമായ ഊന്നൽ നൽകിയിട്ടുണ്ട്. കൂടാതെ, പശ്ചാത്തല മേഖലയിൽ വൻകുതിപ്പ് ലക്ഷ്യമിട്ടു കൊണ്ട് 45,619.10 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് ഇതിനോടകം കിഫ്ബി വഴി അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ